**എൻ.ഇ.പി.1/58230/11/ഡി.പി.ഐ.** **പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**തീയതി: 19.10.2011.**

**പൊതു വിദ്യാഭ്യാസ ഡയറക്ടർ.**

**വിദ്യാഭ്യാസ ഉപഡയറക്ടർ,**

**.................................**

സർ,

**വിഷയം:-** പൊതു വിദ്യാഭ്യാസം - ന്യൂനപക്ഷസമുദായംഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള കേന്ദ്രസർക്കാർ സഹായപദ്ധതി - അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്

**സൂചന** :- കേരള സർക്കാർ പൊതുവിദ്യാഭ്യാസം (ഡി) വകുപ്പിന്റെ 01.10.2011 തീയതിയിലെ കത്ത് നം.56696/ഡി1/2011/പൊ.വി.

&&&&&&

മേൽ സൂചന പ്രകാരം, സംസ്ഥാനത്തുള്ള ന്യൂയപക്ഷസമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതീകസാഹചര്യങ്ങൾ വികസിപ്പിക്കുവാൻ വേണ്ടിയുള്ള കേന്ദ്രസർക്കാർ പദ്ധതിയായ ''ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഇൻ മൈനോറിട്ടി ഇൻസ്റ്റിറ്റ്യൂട്ടസ് (ഐ.ഡി.എം.ഐ)'' അനുസരിച്ച് 2011-12 വർഷത്തേക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. യോഗ്യത/അർഹത, ഒപ്പം നൽകേണ്ട രേഖകൾ, അപേക്ഷയുടെ മാതൃക എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അപേക്ഷകൾ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിച്ചിരിക്കേണ്ട അവസാന തീയതി 05.11.2011 ശനിയാഴ്ചയും, ലഭിച്ച അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമായ രൂപത്തിലും അർഹതയുള്ളതുമായ അപേക്ഷകളൂടെ ലിസ്റ്റും 19.11.2011 ശനിയാഴ്ച 5 മണിക്ക് മുൻപ് ഈ ഓഫീസിലും എത്തിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും ഇവിടെ സ്വീകരിക്കുന്നതല്ല. ഈ വിഷയത്തിൽ താഴെപറയുന്ന നടപടികൾ താങ്കൾ സ്വീകരിക്കേണ്ടതാണ്.

1. എല്ലാ അപേക്ഷകളിലും തീയതിയുള്ള സീൽ പതിപ്പിക്കേണ്ടതാണ്.
2. അപേക്ഷകൾ ശരിയായ രീതിയിൽ പരിശോധിക്കേണ്ടതും അർഹതയുള്ള അപേക്ഷകൾ മാത്രം സൂക്ഷിക്കേണ്ടതും ബാക്കിയുള്ളവ തിരിച്ചയക്കേണ്ടതും ആണ്.
3. അർഹതയുള്ളതും പൂർണ്ണരൂപത്തിലുള്ളതുമായ അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും അപേക്ഷകളിൽമേൽ ക്രമനമ്പർ എഴുതേണ്ടതും ആണ്.
4. ക്രമനമ്പർ എഴുതിയ അപേക്ഷയും ചെയ്യാനുദ്ദേശിക്കുന്ന പദ്ധതിയുടെ അംഗീകരിച്ച എസ്റ്റിമേറ്റും മാത്രം 2 കോപ്പി 19.11.2011 ശിയാഴ്ച 5 മണിക്ക് മുൻപ് എത്തിക്കേണ്ടതാണ്. ഇതോടൊപ്പം അപേക്ഷകരുടെ മുഴുവൻ ലിസ്റ്റ് തന്നിരിക്കുന്ന പ്രഫോർമയിൽ തയ്യാറാക്കിയത് സോഫ്റ്റ് കോപ്പിയിലും ഹാർഡ്കോപ്പിയിലും ഇതോടൊപ്പം നൽകേണ്ടതാണ്.
5. അപേക്ഷകൾ ഘട്ടംഘട്ടമായി അയക്കുവാൻ പാടില്ല. ഒരൊറ്റത്തവണയായി പ്രത്യേക ദൂതൻ വശം ഇവ ഇവിടെ എത്തിക്കേണ്ടതാണ്.
6. മാനേജ്മെന്റ് തർക്കം നടക്കുന്ന സ്കൂളുകളെയും, ഇതിനുമുൻപ് ഇത്തരത്തിൽ ഏതെങ്കിലും കേന്ദ്രസർക്കാർ ധനസഹായം ലഭിച്ച സ്ഥാപനങ്ങളെ ഒഴിവാക്കേണ്ടതാണ്.
7. അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർ 'റെക്കമെന്റ്' ചെയ്ത് ഒപ്പ് വച്ച് അയക്കേണ്ടതാണ്.

അപേക്ഷകൾ സൂക്ഷമമായി പരിശേധിക്കേണ്ടതും, എല്ലാ വിശദാംശങ്ങളും രേഖകളും സ്കൂൾ അധികാരികൾ നൽകിയിട്ടുണ്ട് എന്ന് വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

ഈ വിഷയത്തിൽ താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ പതിയേണ്ടതാണെന്ന് കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/-

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.